# മുസൽമാന്റെ കണ്ണിലുണ്ണി ബാഫഖീ

ഇരുപത്തിരണ്ട് തവണ ഹജ്ജ് നിർവഹിച്ച ചാരിതാർഥ്യത്തോടെയാണ് ഖാഇദുൽ ഖൗം സയ്യിദ് അബ്ദുറഹ്മാൻ ബാഫഖിതങ്ങൾ നമ്മെ വിട്ടു പിരിഞ്ഞത്. 1973 ജനുവരി 18ന് പുണ്യ മക്കയിൽ വച്ചായിരുന്നു അന്ത്യം. ചെറിയ മമ്മുക്കേയിയോടൊപ്പമാണ് തങ്ങൾ ഹജ്ജിന് പുറപ്പെടുന്നത്. ഹജ്ജിനെത്തിയപ്പോൾ തന്നെ കലശലായ പനി തങ്ങളെ ബാധിച്ചിരുന്നു. പുപ്പെടുന്നതിന് ഏതാനും ദിവസം മുമ്പ് ചെറിയ തോതിൽ ഹൃദ്രോഗം അനുഭവപ്പെട്ട തങ്ങളോട് യാത്ര ഉപേക്ഷിക്കാൻ ഡോ.സി.കെ രാമചന്ദ്രനടക്കമുള്ള തങ്ങളുടെ ഇഷ്ട ഡോക്ടർമാർ ഉപദേശിച്ചതാണ്. പക്ഷേ ഹജ്ജിന് നിയ്യത്തെടുത്ത തങ്ങൾ പോകാൻ തന്നെ തീരുമാനിക്കുകയായിരുന്നു. ഹജ്ജ് നിർവഹണംകഴിഞ്ഞ പാടെ പനി പിടിത്തം വിട്ടു. രാത്രി പന്ത്രണ്ടര മണിയോടെ വെള്ളിയാഴ്ച രാവിൽ അവിടന്ന് അന്ത്യ ശ്വാസം വലിക്കുകയായിരുന്നു. മക്കയിലെ മുഖ്യ ശ്മശാനത്തിൽ ഖദീജാ ബീവിയുടെ ഖബറിടത്തിനടുത്തായാണ് തങ്ങളുടെ മയ്യത്ത് ഖബറടക്കിയത്.

ഹളർമൗതിലെ ബാഫഖീഹ് കുടുംബമാണ് ബാഫഖിതങ്ങളുടേത്. തങ്ങളുടെ പൂർവികൻ സയ്യിദ് അഹ്മദ് ബാഫഖി ഏതാണ്ട് 1770ൽ കേരളത്തിലെത്തി. അദ്ദേഹത്തിന്റെ മകൻ സയ്യിദ് മുഹമ്മദ് ബാഫഖിയുടെ മകൻ സയ്യിദ് അബ്ദുല്ലാ ബാഫഖിയുടെ മകൻ സയ്യിദ് അബ്ദുൽ ഖാദിർ ബാഫഖിയുടെ മകനാണ് ബാഫഖിതങ്ങൾ. വെളിയങ്കോട്ട് ജുമുഅ് പള്ളിയിൽ നിന്നാണ് കാര്യമായ മതപഠനം തങ്ങൾ നേടിയത്. സ്വന്തമായി തന്നെ മലയാളവും ഉർദുവും പഠിച്ചു. പിന്നെ കച്ചവടത്തിലേക്ക് നീങ്ങി. കോഴിക്കോട് കേന്ദ്രമാക്കി കച്ചവട ശൃംഖല കെട്ടിപ്പടുത്തു. ബർമയിലും മാലിദ്വീപിലുമൊക്കെ ബാഫഖീ കമ്പനി സജീവമായി. കോഴിക്കോടിന്റെ പ്രതാപം ഒന്ന് കൂടി പരിലസിക്കാൻ ബാഫഖീ കമ്പനി വഴിയൊരുക്കി.

കോൺഗ്രസിന്റെ അനഭാവിയായാണ് തങ്ങൾ രാഷ്ട്രീയത്തിൽ വരുന്നത്. 1936ൽ കോഴിക്കോട് – കുറുമ്പ്രനാട് മണ്ഡലത്തിൽ നിന്ന് മുസ്‌ലിം ലീഗിനെതിരെ മത്സരിച്ച സഹോദരീ ഭർത്താവ് ഖാൻ ബഹാദൂർ ആറ്റക്കോയ തങ്ങൾക്ക് വേണ്ടി രംഗത്തിറങ്ങി. ലീഗ് നേതാവ് പോക്കർ സാഹിബ് പരാജയപ്പെടുകയും ചെയ്തു. എന്നാൽ കോൺഗ്രസിന്റെ മുസ്‌ലിം സമീപനത്തിൽ അസംതൃപ്തനായ തങ്ങൾ അടുത്തവർഷം തന്നെ മുസ്‌ലിം ലീഗിൽ ചേരുകയായിരുന്നു. താമസിയാതെ ബാഫഖി തങ്ങളുടെ സ്വാധീനത്തിൽ കോൺഗ്രസ് പ്രവർത്തകനായ പാണക്കാട് പൂക്കോയ തങ്ങളും ലീഗിലെത്തി.

മുസ്‌ലിംകളുടെ മത കാര്യങ്ങളിൽ കൂടി തല്പരനായ തങ്ങൾ സമസ്യുടെ രൂപീകരണത്തിലും മദ്രസകൾ സ്ഥാപിക്കുന്നതിലും തന്റെ സമ്പത്തിന്റെ വലിയൊരു ഭാഗം ചെലവഴിച്ചു. മുസ്‌ലിം ലീഗിനേയും സമസ്തയേയും ഒരേ തൂവൽ കക്ഷികളെപ്പോലെ സംരക്ഷിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഭൗതിക വിദ്യാഭ്യാസം ആർജിക്കുന്ന മുസ്‌ലിം വിദ്യാർഥിൾക്ക് സ്വന്തം ചെലവിൽ സ്കോളർഷിപ്പ് നല്കി. സമസ്ത വിദ്യാഭ്യാസ ബോർഡിന്റെ നേതൃനിരയിലും ഫാറൂഖ് കോളജിന്റെ സ്ഥാപനത്തിലും തങ്ങളുണ്ടായിരുന്നു. സാഹിത്യ രംഗത്ത് തങ്ങളുടെ എറ്റവും വലിയ സംഭാവന ചന്ദ്രിക പത്രത്തെ കൈപിടിച്ചുയർത്തിയെന്നതാണ്.

രാഷ്ട്രീയത്തിൽ പ്രവേശിച്ചതിന് ശേഷം തങ്ങൾ കോൺഗ്രസിനെതിരെ ശക്തമായ നിലപാടെടുത്തു. 1952ലെ മദ്രാസ് അസംബ്ളിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വയനാട്ടിലെ കോൺഗ്രസ് സ്ഥാനാർഥിയായ കോഴിപ്പുറത്ത് മാധവമേനോനെതിരെ പ്രചാരണത്തിനായി തങ്ങൾ വയനാട്ടിലെത്തി. സ്വാതന്ത്ര സ്ഥാനാർഥി അഡ്വ.കരുണാകരനാണ് തങ്ങൾ പിന്തുണ നല്കി. കോൺഗ്രസ് ഭരണത്തിൽ മുസ്‌ലിംകളനുഭവിക്കുന്ന കഷ്ടപ്പാടുകളായിരുന്നു തങ്ങളുടെ പ്രസംഗത്തിലെ മുഖ്യ വിഷയം. ലീഗ് പിന്തുണച്ച സ്ഥാനാർഥി വിജയിച്ചില്ലെങ്കിലും കോൺഗ്രസ് സ്ഥാനാർഥിയെ തോല്പിക്കാൻ ലീഗിന് കഴിഞ്ഞു. കോൺഗ്രസിലെ മുസ്‌ലിം കളാവട്ടെ, ഒരിക്കലും ലീഗിന് മാപ്പ് കൊടുത്തതുമില്ല. മുസ്‌ലിം സമുദായത്തിന് വേണ്ടി അബ്ദുറഹ്മാൻ സാഹിബ്, മൊയ്തു മൗലവി തുടങ്ങിയവർ കോൺഗ്രസിനകത്ത് നിന്ന് കൊണ്ട് തന്നെ പോരാടി. തികഞ്ഞ മതേതര വാദിയായ അബ്ദുറഹ്മാൻ സാഹിബിന് പോലും പലപ്പോഴും വർഗീയ വാദിയെന്ന ആക്ഷേപം കേൾക്കേണ്ടി വന്നു.

കോൺഗ്രസിനും കമ്യൂണിസ്റ്റു പാർട്ടിക്കുമപ്പുറം മുസ്‌ലിം സമുദായത്തിന് അസ്തിത്വമുണ്ടാക്കുകയായിരുന്നു തങ്ങളുടെ ലക്ഷ്യം. മുസ്‌ലിം ലീഗിലൂടെ അക്കാര്യം നേടിയെടുക്കുകയായിരുന്നു ലക്ഷ്യം. ലീഗിൽ അതിന് പററിയ യുവ നിരയുണ്ടായിരുന്നത് കൊണ്ടാണ് തങ്ങൾ ലീഗിനോടൊപ്പം നിന്നതും അതിന്റെ നേതൃനിരയിലെത്തിയതും. കമ്യൂണിസ്റ്റ് പാർട്ടിയും മുസ്‌ലിം ലീഗും തമ്മിൽ അത്ര വിരോധമുണ്ടായിരുന്നില്ല. ലീഗിന്റെ മുഖ്യ ശത്രു കോൺഗസ് തന്നെ. കൈവണ്ടി ലീഗ് എന്നൊരു പേരും അവർ ലീഗിന് നല്കിയിരുന്നു. കോഴിക്കോട് മുനിസിപ്പാലിറ്റിയിൽ കോൺഗ്രസിലെ അപ്പക്കോയയെ ജയിപ്പിക്കാൻ പല തങ്ങൻമാരെയും

കോൺഗ്രസ് കൊണ്ട് വന്നു. ലീഗിന് വോട്ട് ചെയ്യരുതെന്ന് പറഞ്ഞ് നാലപത് തങ്ങൻമാരുടെ ഫത്‌വയും വന്നു. തങ്ങളുടെ അനിഷേധ്യ പാടവത്തിന് മുമ്പിൽ എല്ലാവരും മുട്ടു മടക്കി.

1950കളിൽ കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി അതിശക്തമായി ആധിപത്യമുറപ്പിക്കുകയായിരുന്നു. തിരുവിതാം കൂറിലും മലബാറിലും കമ്യൂണിസ്റ്റ് പാർട്ടി തന്നെ മുന്നിൽ. ആദ്യ തിരഞ്ഞെടുപ്പിൽ ബാഫഖിതങ്ങളുടെ ശ്രമത്തിൽ പി.എസ്.പി പാർട്ടിയുമായി ലീഗ് സഖ്യമുണ്ടാക്കി. കോൺഗ്രസിനും കമ്യൂണിസ്ററിനുമെതിരെ സഖ്യം മത്സരിച്ചു. ഈ വേളയിൽ ബാഫഖി തങ്ങൾക്കെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യിക്കാൻ വരെ കോൺഗ്രസ് ഭാഗത്ത് നിന്ന് ശ്രമമുണ്ടായി. പണ്ഡിറ്റ് നെഹ്റു കേരളത്തിൽ വന്നു. നെഹ്റു പ്രസംഗത്തിൽ ലീഗിനെതിരെ ആഞ്ഞടിച്ചു. ലീഗിനെ നെഹ്റു ചത്ത കുതിരയാക്കി. ബാഫഖിതങ്ങളുടെ ശിഷ്യൻ കോയാ സാഹിബ് പൊന്നാനി കടപ്പുറത്തെ മഹാ സമ്മേളനത്തിൽ വച്ച് നെഹ്റുവിന് ഉരുളക്കുപ്പേരി നല്കി. തിരഞ്ഞെടുപ്പിൽ കമ്യംണിസ്റ്റ് പാർട്ടി കോൺഗ്രസിനെ പുറന്തള്ളി അധികാരത്തിൽ വന്നു. ലീഗിനും കിട്ടി എട്ട് സീറ്റ്.

കമ്യൂണിസ്റ്റ് മന്ത്രി സഭ മുസ്‌ലിം സമുദായത്തിന് വേണ്ടി പല നിയമങ്ങളും കൊണ്ടു വന്നു. മലബാർ കലാപത്തിന് സ്വാതന്ത്ര്യ സമരത്തിന്റെ പദവി നല്കി. മുസ്‌ലിംകൾക്ക് സംവരണം നല്കി. പള്ളിയുണ്ടാക്കുന്നതിനുള്ള നിബന്ധന പിൻ വലിച്ചു. ഇതൊക്കെ സമുദായത്തിന്റെ ആത്മാഭിമാനം സംരക്ഷിക്കുന്നതിൽ ഏറെ പങ്കു വഹിച്ചു. ആയിടക്ക് സഖ്യ കക്ഷിയായ പി.എസ്.പി കോൺഗ്രസുമായി അടുക്കാനുള്ളശ്രമം തുടങ്ങിയപ്പോൾ ബാഫഖി തങ്ങൾക്ക് മാറി നില്ക്കാനായില്ല. അധികാരത്തിലെത്താൻ ലീഗിനെ കൂട്ട് പിടിക്കുകയേ നിവൃത്തിയുള്ളു എന്ന് അന്നത്തെ കോൺഗ്രസ് പ്രസിഡണ്ട് ആർ ശങ്കറിനും തോന്നി. ലീഗിനാണെങ്കിൽ നെഹ്റുവിന് ഒരു ചൊട്ട് കൊടുക്കണമെന്ന ആഗ്രഹവും ഉണ്ടായിരുന്നു, ലീഗ് ചത്ത കുതിരയാണോ ജീവിക്കുന്ന സിംഹമാണോ എന്ന് തെളിയിച്ചു കൊടുക്കുകയും വേണം. അവസരം മുതലെടുക്കാൻ ലീഗും തീരുമാനിച്ചു. കമ്യൂണിസ്റ്റ് മന്ത്രി സഭയെ താഴെയിറക്കാനുള്ള വിമോചന സമരത്തിൽ ലീഗും പങ്കാളികളായി.

ലീഗിന്റെ ഈ നയത്തിനെതിരെ എടശ്ശേരി മൗലവി കെ.സി കോമുക്കുട്ടി മൗലവി തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രോഗ്രസീവ് ലീഗ് വന്നെങ്കിലും ബാഫഖിതങ്ങളുടെ നേതൃപാടവത്തിന് മുന്നിൽ അത് മണ്ണടിഞ്ഞു. ''മന്നം, പട്ടം, ശങ്കർ, ചാക്കോ, ബാഫഖി തങ്ങൾ സിന്ദാബാദ്' എന്ന മുദ്രാ വാക്യം എല്ലാ ജാതി മത ശക്തികളേയും ഒന്നിപ്പിച്ചപ്പോൾ മുഖ്യ മന്ത്രി ഇ.എം.എസിന് മന്ത്രി സഭ പിരിച്ചു വിടേണ്ടി വന്നു. പുതിയ തിരഞ്ഞെടുപ്പിൽ കോൺഗ്രസും മുസ്‌ലിം ലീഗും പി.എസ്.പിയും ചേർന്ന മുന്നണി ജയിച്ചു. ലീഗിന് പന്ത്രണ്ട് സീറ്റുണ്ടായിരുന്നു. പക്ഷേ കോൺഗ്രസ് ഗൂഢ ശ്രമത്തിലൂടെ മുസ്‌ലിം ലീഗിനെ മന്ത്രി സഭയിൽ നിന്നകററാൻ ശ്രമിച്ചു. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും വലിയ ചതിയായിരുന്നു ഇത്. ബാഫഖിതങ്ങൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു ഈ വഞ്ചന. ഒരു മന്ത്രി സ്ഥാനവും ലീഗിന് നല്കില്ലെന്ന് കോൺഗ്രസ് ശഠിച്ചപ്പോൾ ലീഗും പിൻമാറിയില്ല. അവസാനം സീതി സാഹിബിനെ സ്പീക്കറാക്കാമെന്ന് കോൺഗ്രസ് സമ്മതിച്ചു. ബാഫഖി തങ്ങൾ തത്കാലം മിണ്ടാതിരുന്നു. കോൺഗ്രസിൽ നിന്നും മറ്റൊന്നും ലഭിക്കില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

സീതി സാഹിബ് മരിച്ചപ്പോൾ സി.എച്ചിനേയാണ് സ്പീക്കർസ്ഥാനത്തേക്ക് ലീഗ് നിർദേശിച്ചത്. അപ്പോഴാണ് വർഗീയ പാർട്ടികളുമായി സഖ്യം ഇനി വയ്യെന്ന് കോൺഗ്രസ് തീർത്തു പറഞ്ഞത്. ലീഗ് അവരുടെ കണ്ണിൽ അപ്പോഴും വർഗീയ പാർട്ടി തന്നെയായിരുന്നു. സി.എച്ചിനെ ലീഗിൽ നിന്ന് രാജി വച്ച് കോൺഗ്രസ് അംഗമാവാമെന്ന നിബന്ധനയിൽ സ്പീക്കറാക്കാമെന്ന് പറഞ്ഞപ്പോൾ തത്കാലം അങ്ങനെ ചെയ്യാൻ ലീഗ് തയ്യാറായി. അതാവട്ടെ പല ലീഗ് നേതാക്കൾക്കും രസിച്ചില്ല. അത് ആത്മാഭിമാനം കോൺഗ്രസിന് അടിയറ വയ്ക്കുന്നതിന് തുല്യമാണെന്ന് പല നേതാക്കൾക്കും അഭിപ്രായമുണ്ടായിരുന്നു. അത് പക്ഷേ ബാഫഖി തങ്ങൾ നെയ്ത ഒരു തന്ത്രം മാത്രമായിരുന്നു എന്ന് പിന്നീടാണ് മനസ്സിലായത്. ലീഗ് എന്ത് വിട്ടു വീഴ്ചക്കും തയ്യാറാണെന്ന് എല്ലാ പാർട്ടികളേയും പൊതു സമൂഹത്തേയം ബോധ്യപ്പെടുത്താൻ കൂടി ബാഫഖി തങ്ങൾക്ക് കഴിഞ്ഞു. ഈ സമയത്ത് തന്നെ ഭാവിയിലേക്കുള്ളപദ്ധതികൾ അദ്ദേഹം തയ്യാറാക്കി കഴിഞ്ഞിരുന്നു.

തൊട്ടടുത്ത തിരഞ്ഞെടുപ്പിൽ സപ്തകക്ഷി മുന്നണിയിൽ ലീഗ് പ്രധാന കക്ഷിയായി. ബാഫഖി തങ്ങൾ തന്നെയാണ് തീരുമാനമെടുത്തത്. കോൺഗ്രസിനെ പാഠം പഠിപ്പിക്കുക തന്നെയായിരുന്നു ലക്ഷ്യം. ഇ,എം,എസ് നമ്പൂതിരിപ്പാട് നേതൃത്വം നല്കുന്ന മുന്നണിയിൽ ഭൂരിപക്ഷം പേരും കമ്യൂണിസ്ററുകൾ. ഇന്ന് കമ്യൂണിസ്ററ് പാർട്ടി ഇസ്‌ലാമിനെതിരാണെന്ന് പ്രസംഗിക്കുന്ന അഭിനവ ലീഗുകാർ തികഞ്ഞ മത വിശ്വാസിയും സെക്കുലറിസ്ററുമായ ബാഫഖി തങ്ങളെ കാണാത്തതെന്താണ്? കമ്യൂണിസ്ററ് പാർട്ടി ഇസ്‌ലാമിനെതിരെയുള്ള

പാർട്ടിയാണെങ്കിൽ ബാഫഖി തങ്ങൾ അങ്ങനെയൊരു തീരുമാനമെടുക്കുമോ? കോൺഗ്രസുകാർ പല ഭാഗത്ത് നിന്നും ഫത്‌വയുമായി വന്നിട്ടും കാര്യമുണ്ടായില്ല. മുസ്‌ലിം ലീഗ് കമ്യൂണിസ്‌ററ് പാർട്ടിയുമായി ബന്ധമുണ്ടാക്കുന്നതിൽ പ്രതിഷേധിച്ച് ചിലർ സമസ്ത കേരള മുസ്‌ലിം ലീഗ് ഉണ്ടാക്കിയത് കാററായിപ്പോയി. ഇൗ.എം എസ് മുസ്‌ലിം ലീഗിന് രണ്ട് മന്ത്രി സ്ഥാനങ്ങൾ നല്കി സമുദായത്തിന് അന്തസ്സുണ്ടാക്കിക്കൊടുത്തു. അന്ന് മുസ്‌ലിം ലീഗ് വർഗീയമായി ചിന്തിച്ചിരുന്നില്ല. ബാഫഖി തങ്ങളുടേയോ സി.എച്ചിന്റേയോ മുഖത്ത് നോക്കി ആർക്കും അങ്ങനെ പറയാൻ കഴിയുമായിരുന്നില്ല. ഇ.എം എസുമായി പിണങ്ങേണ്ടി വന്ന ബാഫഖിതങ്ങൾ നേരെ ചെന്നത് മറെറാരു കമ്യൂണിസ്‌ററ് കേമ്പിലേക്കാണ്. സഖാവ് അച്യുതമേനോന്റെ വലത് കമ്യൂണിസ്‌ററ് പാർട്ടിയിൽ. അച്യുത മേനോനെ മുഖ്യ മന്ത്രിയാക്കുന്നതിൽ തങ്ങൾ തന്നെ വലിയ പങ്ക് വഹിച്ചു. കമ്യൂണിസ്‌ററ് പാർട്ടിക്കെതിരെ മതത്തിന്റെ തുരുപ്പു ശീട്ടിറക്കുന്ന ഇന്നത്തെ മുസ്‌ലിം ലീഗുകാർക്ക് ബാഫഖി തങ്ങളുടെ മനസ്സ് വായിച്ചെടുക്കണമെങ്കിൽ ഇനിയും കാതങ്ങൾ സഞ്ചരിക്കണം. ഇ.എം.എസിന്റെ കൂടെ ഇരുന്ന് മലപ്പുറം ജില്ലയും കലിക്കററ് യൂണിവേഴ്‌സിററിയും സമുദായം നേടി. അതിന് ശേഷം ഇത്ര കാലം എന്താണ് നേടിയതെന്ന് കൂടി ആലോചിക്കണം. മഹാനായ സിഎച്ച് വാങ്ങിയെടുത്ത സ്‌കൂളുകൾ, അറബി തസ്തികകൾ, സർക്കാർ സ്ഥാപനങ്ങൾ; എല്ലാററിനോടും ബാഫഖി തങ്ങളോട് നന്ദി കാണിക്കാൻ സമുദായത്തിന് കഴിയണം.

അധികാര മോഹങ്ങൾക്കപ്പുറം സമുദായത്തിന് ദിശ കാണിക്കാൻ ഇത്തരം മഹാൻമാരില്ലാതെപോയതാണ് സമുദായം നേരിടുന്ന വെല്ലുവിളി. ബാഫഖി തങ്ങളുടെ ദിശാബോധത്തിന് മുമ്പിൽ നമുക്ക് നമ്രശിരസ്കരാവാം.

================================